# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുടക്കുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ ഇ.കെ എം(പി2)512 /21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 31/03/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുടക്കുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ ഇ.കെ എം(പി2)512 /21 തീയ്യതി: 31/03/2021

## എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-03-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ് കെ കെ | ഡെപ്യൂട്ടി ഡയറക്ടർ | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-03-2021 | 29-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ഷേർളി ജോസഫ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
2. ഷൈബി ഇ ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ
3. സറീന പി എ,സീനിയർ ഗ്രേഡ് ഓഡിറ്റർ
4. സന്തോഷ് കുമാർ എം, ഓഡിറ്റർ (ഹ.ഗ്രേ)

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷൈമി വർഗീസ് | പ്രസിഡന്റ് | 01-04-2019 | 15-07-2019 |
| ജിഷ സോജൻ | പ്രസിഡന്റ് | 16-07-2019 | 31-03-2020 |
| മേഴ്സി കെ ഒ | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എൻ എസ് സുധർലാൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| മഞ്ചു കെ ആർ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 18-07-2019 |
| അനു ബേബി | അസിസ്റ്റന്റ് എഞ്ചിനിയർ | 19-07-2019 | 31-03-2020 |
| ചന്ദ്രബിന്ദു കെ ആർ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.പ്രേംസി ഏലിയാസ് | വെറ്റിനറി സർജൻ,തുരുത്തി | 01-04-2019 | 31-03-2020 |
| ഡോ.രജിക കുട്ടപ്പൻ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2019 | 31-03-2020 |
| ഡോ.അഹിത എ ഖാദർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ.സ്മിത കെ മോഹൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ആശാലത എം | ഹെഡ്മിസ്ട്രസ്, ഗവ. എൽ പി എസ്,വാണിയപ്പിള്ളി | 01-04-2019 | 31-03-2020 |
| ജാൻസി ജോസഫ് | വി ഇ ഒ, അകനാട് | 01-04-2019 | 31-03-2020 |
| രമേശ് ജി | വി ഇ ഒ, തുരുത്തി | 01-04-2019 | 31-03-2020 |
| ഡോ.എൽദോ പി വർഗീസ് | വെറ്റിനറി സർജൻ, മുടക്കുഴ | 01-04-2019 | 31-03-2020 |
| ഡോ.പ്രസന്ന കെ | വെറ്റിനറി സർജൻ,തുരുത്തി | 01-04-2019 | 25-11-2019 |

| | | | |
|---|---|---|---|
| ഡോ.പ്രേംസി ഏലിയാസ് | വെറ്റിനറി സർജൻ,തുരുത്തി | 26-11-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Santhosh Kumar M (Auditor, On 31-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 31-03-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Santhosh Kumar M (Auditor, On 29-03-2021)<br>Last Updated By: Santhosh Kumar M (Auditor, On 29-03-2021) | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Santhosh Kumar M (Auditor, On 29-03-2021)<br>Last Updated By: Santhosh Kumar M (Auditor, On 29-03-2021) | 1-3 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Santhosh Kumar M (Auditor, On 27-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 30-03-2021) | 1-4 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Santhosh Kumar M (Auditor, On 27-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 31-03-2021) | 1-5 |
| 6 | പദ്ധതി അവലോകനം<br>Written By: Santhosh Kumar M (Auditor, On 27-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 30-03-2021) | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Santhosh Kumar M (Auditor, On 29-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 31-03-2021) | 1-7 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Santhosh Kumar M (Auditor, On 27-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 29-03-2021) | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Santhosh Kumar M (Auditor, On 27-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 29-03-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shaiby.E.D (Senior Grade Auditor, On 26-03-2021)<br>Last Updated By: Shaiby.E.D (Senior Grade Auditor, On 26-03-2021) | 1-10 |
| 11 | ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കിയില്ല<br>Written By: Shaiby.E.D (Senior Grade Auditor, On 27-03-2021)<br>Last Updated By: Sareena .P.A (Senior Grade Auditor, On 30-03-2021) | 1-11 |
| 12 | വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ .<br>Written By: Santhosh Kumar M (Auditor, On 27-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 31-03-2021) | 1-12 |
| 13 | സ്ഥാപനങ്ങൾക്ക് ലൈസൻസ്- ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: Sareena .P.A (Senior Grade Auditor, On 29-03-2021)<br>Last Updated By: Sareena .P.A (Senior Grade Auditor, On 29-03-2021) | 1-13 |
| 14 | മൂലധന നിക്ഷേപവിവരങ്ങൾ ചേർക്കുന്നില്ല<br>Written By: Sareena .P.A (Senior Grade Auditor, On 29-03-2021)<br>Last Updated By: Sareena .P.A (Senior Grade Auditor, On 30-03-2021) | 1-13-1 |
| 15 | സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല.<br>Written By: Sareena .P.A (Senior Grade Auditor, On 29-03-2021)<br>Last Updated By: Sareena .P.A (Senior Grade Auditor, On 29-03-2021) | 1-14 |
| 16 | കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Sareena .P.A (Senior Grade Auditor, On 29-03-2021)<br>Last Updated By: Sareena .P.A (Senior Grade Auditor, On 29-03-2021) | 1-14-1 |

| | | |
|---|---|---|
| 17 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്-നഷ്ടം 2640/- രൂപ<br>Written By: Sareena .P.A (Senior Grade Auditor, On 29-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 31-03-2021) | 1-14-2 |
| 18 | ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല<br>Written By: Sareena .P.A (Senior Grade Auditor, On 27-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 30-03-2021) | 1-15 |
| 19 | ബഡ്സ് സ്കൂൾ- പദ്ധതികളിലെ അപാകതകൾ<br>Written By: Shaiby.E.D (Senior Grade Auditor, On 26-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 30-03-2021) | 1-16 |
| 20 | ദുരന്തനിവാരണ ആസൂത്രണരേഖ<br>Written By: Sherly Joseph (Audit Officer (HG), On 30-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 31-03-2021) | 1-17 |
| 21 | ദുരിതാശ്വാസനിധി<br>Written By: Sherly Joseph (Audit Officer (HG), On 30-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 30-03-2021) | 1-18 |
| 22 | സഹായം അനുവദിക്കുന്നതിൽ കാലതാമസം<br>Written By: Sherly Joseph (Audit Officer (HG), On 30-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 31-03-2021) | 1-18-1 |
| 23 | ഗ്രാമസഭ<br>Written By: Sherly Joseph (Audit Officer (HG), On 30-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 30-03-2021) | 1-19 |
| 24 | സ്യൂട്ട് രജിസ്റ്റർ<br>Written By: Sherly Joseph (Audit Officer (HG), On 30-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 30-03-2021) | 1-19-1 |
| 25 | റെക്കോർഡ് റൂം<br>Written By: Sherly Joseph (Audit Officer (HG), On 30-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 30-03-2021) | 1-19-2 |
| 26 | കമ്മിറ്റി/മീറ്റിംഗുകൾ<br>Written By: Sherly Joseph (Audit Officer (HG), On 30-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 30-03-2021) | 1-19-3 |
| 27 | ഓഫീസ് പ്രവർത്തനം<br>Written By: Sherly Joseph (Audit Officer (HG), On 30-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 31-03-2021) | 1-19-4 |
| 28 | വിവരാവകാശ നിയമം<br>Written By: Sherly Joseph (Audit Officer (HG), On 30-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 30-03-2021) | 1-19-5 |
| 29 | വൃദ്ധർക്ക് കട്ടിൽ (എസ് സി)-വിതരണം പൂർത്തിയാക്കിയില്ല<br>Written By: Shaiby.E.D (Senior Grade Auditor, On 25-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 31-03-2021) | 1-20 |
| 30 | പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ- തുടർനടപടി സ്വീകരിക്കുന്നില്ല.<br>Written By: Sherly Joseph (Audit Officer (HG), On 30-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 30-03-2021) | 1-21 |
| 31 | ലൈഫ് പദ്ധതി-അംഗീകരിച്ചതിലും അധികം വായ്പാതുക ചെലവഴിച്ചു<br>Written By: Shaiby.E.D (Senior Grade Auditor, On 25-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 30-03-2021) | 1-22 |
| 32 | ക്ഷേമപെൻഷൻ വിതരണത്തിലെ അപാകതകൾ<br>Written By: Sareena .P.A (Senior Grade Auditor, On 30-03-2021)<br>Last Updated By: Sareena .P.A (Senior Grade Auditor, On 30-03-2021) | 1-23 |
| 33 | സൂതികാ പരിചരണം-നൂതന പ്രോജക്ടിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങേണ്ടതാണ് | 1-24 |

| | | |
|---|---|---|
| | Written By: Sareena .P.A (Senior Grade Auditor, On 27-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 29-03-2021) | |
| 34 | ഫർണിച്ചർ വാങ്ങൽ- ബില്ലിൽ ജി എസ് ടി വിവരങ്ങൾ ഇല്ല.<br>Written By: Shaiby.E.D (Senior Grade Auditor, On 26-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 30-03-2021) | 1-25 |
| 35 | വളർത്തുനായകൾക്ക് ലൈസൻസ് ഉറപ്പ് വരുത്തുന്നില്ല<br>Written By: Sareena .P.A (Senior Grade Auditor, On 27-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 30-03-2021) | 1-26 |
| 36 | ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ<br>Written By: Sareena .P.A (Senior Grade Auditor, On 27-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 31-03-2021) | 1-27 |
| 37 | സ്റ്റോക്ക് റജിസ്റ്ററിന്റെ പരിപാലനം-അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 29-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 31-03-2021) | 1-28 |
| 38 | തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: Sherly Joseph (Audit Officer (HG), On 30-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 31-03-2021) | 1-29 |
| 39 | ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് തുക അടവാക്കി<br>Written By: Sherly Joseph (Audit Officer (HG), On 30-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 30-03-2021) | 1-30 |
| | **ഭാഗം 2** | |
| 1 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്-നഷ്ടം 2640/-രൂപ<br>Written By: Sareena .P.A (Senior Grade Auditor, On 29-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 31-03-2021) | 2-1 |
| 2 | സ്ഥാപനങ്ങൾക്ക് ലൈസൻസ്-ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: Sareena .P.A (Senior Grade Auditor, On 29-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 31-03-2021) | 2-2 |
| | **ഭാഗം 3** | |
| 1 | ബഡ്സ് സ്കൂൾ പദ്ധതികൾ -8729/-രൂപ നിരാകരിക്കുന്നു.<br>Written By: Shaiby.E.D (Senior Grade Auditor, On 25-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 30-03-2021) | 3-1 |
| 2 | വൃദ്ധർക്ക് കട്ടിൽ (എസ് സി)-വിതരണം പൂർത്തിയാക്കിയില്ല<br>Written By: Shaiby.E.D (Senior Grade Auditor, On 25-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 31-03-2021) | 3-2 |
| 3 | ക്ഷേമപെൻഷൻ വിതരണത്തിലെ അപാകതകൾ<br>Written By: Sareena .P.A (Senior Grade Auditor, On 30-03-2021)<br>Last Updated By: Sareena .P.A (Senior Grade Auditor, On 30-03-2021) | 3-3 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sherly Joseph (Audit Officer (HG), On 31-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 31-03-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടു വിനിയോഗം<br>Written By: Santhosh Kumar M (Auditor, On 29-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 31-03-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ | 4-3 |

| | | |
|---|---|---|
| | വിവരങ്ങൾ<br>Written By: Shaiby.E.D (Senior Grade Auditor, On 26-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 31-03-2021) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Shaiby.E.D (Senior Grade Auditor, On 26-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 31-03-2021) | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Santhosh Kumar M (Auditor, On 31-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 31-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Shaiby.E.D (Senior Grade Auditor, On 26-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 31-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sherly Joseph (Audit Officer (HG), On 30-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 31-03-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Shaiby.E.D (Senior Grade Auditor, On 26-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 31-03-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Shaiby.E.D (Senior Grade Auditor, On 26-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 31-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sherly Joseph (Audit Officer (HG), On 30-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 31-03-2021) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shaiby.E.D (Senior Grade Auditor, On 26-03-2021)<br>Last Updated By: Sherly Joseph (Audit Officer (HG), On 31-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 22.02.2019ലെ 1(1)നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2019-20 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് | ബജറ്റ്(റിവൈസ്ഡ്) |
|---|---|---|
| മുന്നിരിപ്പ് | 8754657.00 | 8336318.00 |
| വരവ് | 144319750.00 | 139745655.00 |
| ആകെ | 153074407.00 | 148081973.00 |
| ചെലവ് | 148770088.00 | 144145361.00 |
| നീക്കിയിരിപ്പ് | 4304319.00 | 3936612.00 |

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 18.02.2019 തീയതിയിൽ തന്നെ ബജററ് തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കൃത്യമായ ഫയൽ ആവശ്യമായ രീതിയിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബജറ്റ് നിർദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല. സ്ഥാപനത്തിന്റെ 2019-20 ലെ പുതുക്കിയ ബജറ്റ് 04.03.2020 ലെ 4(1) തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ബജറ്റ് തയ്യാറാക്കുന്നതുമായും തുടർ നടപടികൾക്കും അവലോകനം നടത്തുന്നതുമായും ബന്ധപ്പട്ട് വിവരങ്ങൾ അടങ്ങുന്ന കൃത്യയമായ ഫയൽ സൂക്ഷിക്കുന്നില്ല.

2. ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയിട്ടില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി കാണുന്നില്ല.

3. ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായ് പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2019-20 ലെ പഞ്ചായത്ത് ബജറ്റ് 2019 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

4. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൌണ്ടിംഗ് സോഫ്റ്റ് വെയർ പ്രകാരം സാധ്യമാകുന്നില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികരിച്ച് ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൌണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതായി കാണുന്നില്ല.

ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും കൃത്യമായ ഫയൽ സൂക്ഷിക്കേണ്ടതും അക്കൌണ്ടിംഗ് സോഫ്റ്റ് വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 20-05-1920 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16781109 |
| ഓഡിറ്റ് വർഷത്തെ വരവ് | 49236728 |
| ആകെ | 66017837 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 50102565 |
| നീക്കിയിരിപ്പ് | 15915272 |
| വരവിനങ്ങളിലുള്ള നഷ്ടം | 12640 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 19229 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 125550 |

## 1-5 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് / ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | - | 8370511+ 418489 | 8789000 | 8200789 | 588211 | |
| വികസന ഫണ്ട്-എസ്.സി.പി | - | 7118471+ 73529 | 7192000 | 3324354 | 3867646 | |
| വികസന ഫണ്ട്-ടി.എസ്.പി | - | - | - | - | - | |
| കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് | - | 6720657 | 6720657 | 2452241 | 4268416 | |
| മെയിന്റനൻസ്, റോഡ് | - | 21147000 | 21147000 | 8755371 | 12391629 | |
| മെയിന്റനൻസ്-റോഡിതരം | - | 3251000 | 3251000 | 2272345 | 978655 | |
| കേന്ദ്രാവിഷ്കൃത ഫണ്ട്-(ടോടൽ സാനിടേഷൻ ) | - | 130000 | 130000 | 24000 | 106000 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഐ സി ഡി എസ്) | 529584 | 583307 | 1112891 | 644066 | 468825 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ബഡ്സ് സ്കൂൾ) | 1250000 | - | 1250000 | - | 1250000 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ(സോളിഡ് | 1200000 | - | 1200000 | 799584 | 400416 | |

| | | | | | | |
|---|---|---|---|---|---|---|
| വേയ്സ്റ്റ് ) | | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ(ടോടൽ സാനിടേഷൻ) | 84767.50 | - | 84767.50 | 80420 | 4347.50 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (ലിറ്ററസി സ്കീം | 6757 | 236 | 6993 | - | 6993 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട്(ആശ്രയ) | 17615 | 1125558 | 1143173 | 1125558 | 17615 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട്(ശുചിത്വം മിഷൺ) | 981877 | - | 9818770 | 130000 | 851877 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട്(ലൈഫ് ) | - | 700000 | 700000 | 700000 | - | |
| ബെനിഫിഷറി കോൺട്രിബ്യൂഷൻ | 79718 | 829207 | 908925 | 805005 | 103920 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട്(ജനകീയ ഭവന പദ്ധതി ) | 1085 | 43 | 1128 | - | 1128 | |

കുറിപ്പ്:

വികസന ഫണ്ട്-ജനറൽ എന്ന ഫണ്ടിനത്തിൽ സോഴ്സ് ഡിഡക്ഷൻ 418489/- രൂപയും ക്യാപിറ്റൽ കോൺട്രിബ്യൂഷൻ 201649/- രൂപയും ആകുന്നു.

വികസന ഫണ്ട്-എസ്.സി.പി എന്ന ഫണ്ടിനത്തിൽ സോഴ്സ് ഡിഡക്ഷൻ 73529/രൂപയും ക്യാപിറ്റൽ കോൺട്രിബ്യൂഷൻ 308745/-രൂപയും ആകുന്നു.

കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് എന്ന ഫണ്ടിനത്തിൽ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ 1234316/-രൂപ ആകുന്നു.

മെയിന്റനൻസ് ഗ്രാന്റ്- റോഡ് എന്ന ഫണ്ടിനത്തിൽ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ 6477264/-രൂപ ആകുന്നു.

മെയിന്റനൻസ്ഗ്രാന്റ്- റോഡിതരം എന്ന ഫണ്ടിനത്തിൽ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ 145587/-രൂപ ആകുന്നു.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 214 | 80571055 | 119 | 34463466 | 30 | 65 | 55.60% |

## 1-7 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 6025 | 1045657 | 1051682 | 972163 | 79519 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 13350558 | 13350558 | 13350558 | -- |
| ആകെ | 6025 | 14396215 | 14402240 | 14322721 | 79519 |

(ക്യാപിറ്റൽ കോൺട്രിബ്യൂഷന് 1375545/- +വർക്ക് ഇൻ പ്രൊഗ്രസ് 39468/- ആകെ 1415013/- ഷെഡ്യൂൾ I6 പ്രകാരമുള്ള വരവ് 12907708/-(13350558-1415013+972163)

കുറിപ്പ്- കൂടാതെ 100 ദിവസം പ്രവർത്തി ചെയ്തവർക്കുള്ള ബത്തയായി 189000/-രൂപ സംസ്ഥാനഫണ്ട് വരവും ചെലവും 2019-20 വർഷം ഉണ്ട്

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4440 | 5 |
| കർഷകത്തൊഴിലാളി പെൻഷൻ | 2643000 | 443 |
| വിധവാപെൻഷൻ | 4401000 | 747 |
| വാർദ്ധക്യകാല പെൻഷൻ | 6872400 | 1207 |
| വികലാംഗ പെൻഷൻ | 1659500 | 280 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 256800 | 48 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.03.2021 ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 80440/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.01.2021 | 01.11.2020 മുതൽ 31.12.2020 വരെ | ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.04.2015 - 22.04.2015 | 2010-11 മുതൽ 2014-15 വരെ | 08.06.2015 |

## 1-11 ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കിയില്ല

1.2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ക്ഷീരകർഷകർക്ക് സർക്കാർ മാർഗ്ഗരേഖപ്രകാരം അർഹമായ സബ്സിഡി പൂർണ്ണമായും ലഭ്യമാക്കുന്നതിന് പര്യാപ്തമായ തുക വകയിരുത്തണമെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും തൻവർഷവും മുഴവൻ സബ്സിഡിയും നൽകുന്നതിനാവശ്യമായ തുക വകയിരുത്തിയിട്ടില്ല.

2. പാറമടകൾക്ക് സുരക്ഷാവേലി നിർമ്മിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ അവിടെ ആളുകൾ കടക്കാതെ അടച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് അറിയിച്ചു.

3. അങ്കണവാടികളുടെ ഭൌതിക സൌകര്യം മെച്ചപ്പെടുത്താൻ മുൻ റിപ്പോർട്ടിൽ നിർദ്ദേശമുണ്ടായിരുന്നുവെങ്കിലും അങ്കണവാടി പണി നടന്നുവരികയാണെന്നാണ് അറിയിച്ചിട്ടുള്ളത്. പണി പൂർത്തീകരിച്ച് സൌകര്യം മെച്ചപ്പെടുത്തേണ്ടതാണ്.

4. പ്രളയക്കാട് കുടിവെള്ള പദ്ധതി, ഇളംമ്പകപ്പിള്ളി കുടിവെള്ള പദ്ധതി, കല്ലുമല കുടിവെള്ള പദ്ധതി എന്നിവ പൂർത്തിയാക്കാൻ നിർദ്ദേശമുണ്ടായിരുന്നതിൽ കല്ലുമല കുടിവെള്ള പദ്ധതി പൂർത്തിയായിട്ടുള്ളതായും മറ്റ് പദ്ധതികൾ പൂർത്തിയായി വരുന്നുവെന്നുമാണ് അറിയിച്ചിട്ടുള്ളത്.

5. കരാറുകാരിൽ നിന്നും ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ നിന്നും തൊഴിൽനികുതി ഇപ്പോഴും പൂർണ്ണമായി ഈടാക്കി വരുന്നില്ല.
ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ .

മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്ക് 20-5-2020-ൽ ഓൺലൈനായി ലഭ്യമായിട്ടുള്ളതാണ്. ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 865837/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6212450/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

3) ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും തൻവർഷം ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-5(B) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറൻറ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ 5-1-2021 ലെ കത്തു പ്രകാരം 2018-19-ൽ 94280/ രൂപയും 2019-20-ൽ 66800/- രൂപയും ഇ-ടെണ്ടർ ഫോറത്തിന്റെ വില ഇനത്തിൽ ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്തുനൽകിയിട്ടുള്ളതാണ്. ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ വർഷം തിരിച്ച് കണക്കാക്കി കൃത്യത ഉറപ്പാക്കി ധനകാര്യപത്രികയിൽ ഉൾപെടുത്തേണ്ടതും തുക പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

4) സഞ്ചയ പ്രകാരമുള്ള കുടിശ്ശിക കെട്ടിട നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സാംഖ്യ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുത്തുന്നതിനായി 10760/- രൂപ റസിഡെൻഷ്യൽ വസ്തുനികുതി ഇനത്തിലും 177283/- രൂപ നോൺ റസിഡെൻഷ്യൽ വസ്തുനികുതി ഇനത്തിലും പ്രയർ പീരിയഡ് ഐറ്റംസ് എന്ന ഹെഡിൽ എഴുതിതള്ളിയതായി കാണുന്നു. വിശദാശങ്ങൾ താഴെ ചേർക്കുന്നു.

| | സഞ്ചയ DCB സ്റ്റേറ്റ്മെന്റ് പ്രകാരം ഡിമാന്റ് | വാർഷിക ധനകാര്യ പത്രിക പ്രകാരം ഡിമാന്റ് | വ്യത്യാസം | എഴുതിതള്ളിയതുക |
|---|---|---|---|---|
| റസിഡെൻഷ്യൽ തൻവർഷം | 1858589 | 1858589 | 0 | 10760 |
| റസിഡെൻഷ്യല് (കുടിശ്ശിക) | 77831 | 84814 | 6983 | |
| നോൺ റസിഡെൻഷ്യൽ(തൻവർഷം) | 2316471 | 2316471 | 0 | 177283 |
| നോൺ റസിഡെൻഷ്യൽ (കുടിശ്ശിക) | 108116 | 176587 | 68471 | |

ഇത്തരത്തിൽ ഡിമാന്റിൽ വന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുകയോ വ്യത്യാസം ഏതേത് കെട്ടിട നമ്പരുമായി ബന്ധപ്പെട്ടതാണ് എന്ന വിശദാംശങ്ങളടക്കം റികൺസൈൽ ചെയ്ത് കൃത്യത ഉറപ്പുവരുത്തുകയോ ചെയ്തിട്ടില്ല.

5) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.05.2011ലെ സർക്കുലർ നമ്പർ 58725/എഫ്.എം3/2008 /ത.സ്വ.ഭ.വ പ്രകാരം തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാത്കൃത ബാങ്ക് അല്ലായെങ്കിൽ സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. പഞ്ചായത്തിലെ തനത് വരുമാനം ദേശസാത്കൃത ബാങ്കായ യു ബി ഐ ബാങ്കിലും മുടക്കുഴ സർവ്വീസ് സഹകരണ ബാങ്കിലും ആണ് നിക്ഷേപിക്കുന്നത്. സർക്കുലറിന് വിരുദ്ധമായി അക്കൗണ്ടുകൾ സൂക്ഷിക്കുന്നതിന് വിശദീകരണം നല്കേണ്ടതാണ്. തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒരു അക്കൗണ്ട് മാത്രം നിലനിർത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

6)ബാലൻസ് ഷീറ്റ് ബി11 ഷെഡ്യൂൾ പ്രകാരം 17 ഹെഡുകളിലായി ആസ്തികൾ അക്കൌണ്ട് ചെയ്തിട്ടുണ്ട് എങ്കിലും അക്യുമുലേറ്റഡ് ഡിപ്രസിയേഷൻ 10ഹെഡുകളിലായി ആണ് അക്കൌണ്ട് ചെയ്തിട്ടുള്ളത്. വിവിധ ഡിപ്രസിയേഷൻ റേറ്റുകളുള്ള പല ആസ്തികളുടെയും ഡിപ്രസിയേഷൻ അദർ ഫിക്സഡ് അസറ്റ് എന്ന ഹെഡിലാണ് ചേർത്തിരിക്കുന്നത്. ആയതിനാൽ അദർ ഫിക്സഡ് അസറ്റ് തുക 347548/- ആണെങ്കിലും അതിന്റെ ഡിപ്രിസിയേഷൻ ആസ്തി മൂല്യത്തിനേക്കാൾ വളരെ കൂടുതലായി 2539854/ ആയി രേഖപ്പെടുത്തിയിരിക്കുന്നു. ഓരോ ആസ്തികൾക്കും ഡിപ്രിസിയേഷൻ കണക്കാക്കിയ വർക്കിങ്ങ് പേപർ ഹാജരാക്കിയിട്ടില്ല. ആസ്തികളുടെ കാലപ്പഴക്കം സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമല്ല. ഓരോ ആസ്തി ഹെഡിനും അനുയോജ്യമായ ഡിപ്രിസിയേഷൻ ഹെഡിൽ മാത്രം ഡിപ്രസിയേഷൻ അക്കൌണ്ട് ചെയ്യേണ്ടതും ആസ്തികളുടെ കാലപ്പഴക്കം അനുസരിച്ച് ഡിപ്രസിയേഷന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്.

7) ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൌണ്ടുകൾ പ്രകാരമുള്ള നീക്കിയിരുപ്പും പൊരുത്തപ്പെടുത്താനാവുന്നില്ല.

8) വാർഷിക കണക്കുകളിലെ തുകളെ സാധൂകരിക്കുന്ന പല രജിസ്ററുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട ലെഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

9) ജേർണൽ ബുക്കിന്റെ പരിശോധനയിൽ ധാരാളം കറക്ഷൻ എൻട്രികൾ വരുത്തിയിട്ടുള്ളതായി കാണുന്നു. സാംഖ്യാ സോഫ്റ്റ് വെയറിൽ വരവുചെലവുകൾ രേഖപ്പെടുത്തുമ്പോഴും ജേർണൽ എൻട്രികൾ വരുത്തുമ്പോഴും കൃത്യമായ ഹെഡുകൾ തിരഞ്ഞെടുക്കാത്തതുകൊണ്ടും സമയബന്ധിതമായി അക്കൌണ്ടിങ്ങ് എൻട്രികൾ വരുത്താതുകൊണ്ടാണ് ഇത്തരത്തിൽ വളരെ കൂടുതലായി കറക്ഷൻ ജേർണൽ എൻട്രികൾ ആവശ്യമായിവരുന്നത്. അക്കൌണ്ടിങ്ങ് എൻട്രികൾ കൃത്യതയോടെ ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

10)ബാങ്ക് അക്കൌണ്ടിൽ നേരിട്ട് ലഭിക്കുന്ന ഇ-പേയ്മെന്റ് വരവ് അതത് മാസം അക്കൌണ്ട് ചെയ്യുകയോ, റികൺസൈൽ ചെയ്യുകയോ ചെയ്യുന്നില്ല. ഇ-പേയ്മെന്റ് വരവുകൾ അതതുമാസങ്ങളിൽ സാംഖ്യാ സോഫ്റ്റ്വെയറിൽ വരവ് രേഖപ്പെടുത്തി ബാങ്ക് അക്കൌണ്ട് റികൺസൈൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 23-03-2021-ലെ ഓഡിറ്റ് എൻക്വയറി നം 4-ന് മറുപടി നല്കിയിട്ടില്ല. അപാകതകൾ പരിഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

അപാകതകൾക്ക് വിശദീകരണം എത്രയും വേഗം നൽകേണ്ടതാണ്.

13-ാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സംയുക്ത പ്രൊജക്ടുകളുടെ വിഭവ വകയിരുത്തലും വിനിയോഗവും 23.01.2017 ലെ സ.ഉ. (പി) 7/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളനുസരിച്ചായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

A) ധനസഹായം നല്കുന്ന തദ്ദേശ സ്ഥാപനം വകയിരുത്തിയ തുക മുഴുവൻ ഒറ്റ ഗഡുവായി സെപ്റ്റംബർ 30 നു മുമ്പേ സംയുക്ത പ്രൊജക്ട് നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സ്പെഷൽ ടി എസ് ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്.

B) നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനം ഫെബ്രുവരി മാസത്തിന്റെ അവസാന വാരം സംയുക്ത പ്രൊജക്ടിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും സാമ്പത്തിക വർഷത്തിനുള്ളിൽ വിനിയോഗിക്കാൻ കഴിയില്ലെന്ന് ഉറപ്പുള്ള ബാലൻസ് തുക കണക്കാക്കി ആയത് ധനസഹായം നൽകിയ തദ്ദേശ സ്ഥാപനത്തിന്, മേൽ തുക മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കാൻ മേൽ സ്ഥാപനത്തിന് കഴിയും വിധം, ഫെബ്രുവരി 28നു മുമ്പേ തിരിച്ചു നൽകേണ്ടതുമാണ്.

## 1-13 സ്ഥാപനങ്ങൾക്ക് ലൈസൻസ്- ഫീസ് ഈടാക്കിയതിൽ കുറവ്

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31/10/17- ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 232, 233, 234 വകുപ്പുകളും 254 വകുപ്പു കൂട്ടി വായിച്ചതും 2017-ലെ കേരളാ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫസിലിറ്റേഷൻ ഓർഡിനൻസിലെ സെക്ഷൻ 10 എന്നിവ പ്രകാരം 1996- ലെ കേരളാ പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി ചട്ടത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് പ്രസ്തുത

ചട്ടത്തിന്റെ ബ്രാക്കറ്റിലുള്ള പേര് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളുടെ ലൈസൻസ് ഫീ ഈടാക്കിയപ്പോൾ 36 സ്ഥാപനങ്ങളുടെ ലൈസൻസ് ഫീ കുറവ് ഈടാക്കിയത് മൂലം 10000/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ഖണ്ഡിക 2-2 ൽ ചേർത്തിട്ടുണ്ട്.

## 1-13-1 മൂലധന നിക്ഷേപവിവരങ്ങൾ ചേർക്കുന്നില്ല

താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളുടെ മൂലധനം സംബന്ധിച്ച വിവരങ്ങൾ അപേക്ഷയിൽചേർത്തിട്ടില്ല.

| ക്രമനം | കെട്ടിടനം | സ്ഥാപനത്തിന്റെ പേര് | പേര് | ഈടാക്കിയ നികുതി |
|---|---|---|---|---|
| 1 | 10/386 | ഫോട്ടോസ്റ്റാറ്റ് | രാജലക്ഷ്മി സന്തോഷ് ഇലപ്പ്ളാശ്ശേരി | 300 |
| 2 | 10/385 | ,, | ,, | 200 |
| 3 | 11/435 | പലചരക്ക് | രാജേഷ്.എസ് പന്താടി വീട് | 200 |
| 4 | 9/390 | പലചരക്ക് | ബെന്നി.കെ.വി. കാരിക്കുടി | 200 |
| 5 | 9/400 | പാനൽ ബോർഡ് നിർമ്മാണം | സി.എം.ബാബു ചുണ്ടാട് വീട് | 1000 |
| 6 | 11/414 | സ്റ്റേഷനറി | വർക്കി.കെ.എ കല്ലുമല്ലേക്കുടി | 500 |

മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ അപേക്ഷയിൽ ചേർക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-14 സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല.

1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204,205 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിൽ തൊഴിൽനികുതി ഈടാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എ) ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എട്ട് കള്ളുഷാപ്പുകളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

ബി )താഴെ പറയുന്ന ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.ക്ഷീരോല്പ്പാദക സഹകരണ സംഘം(APCOS) ഉരുത്തി

2.ക്ഷീരോല്പ്പാദക സഹകരണ സംഘം(APCOS)മുടക്കുഴ

## 1-14-1 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികളിൽ ഏർപ്പെട്ടിട്ടുള്ളതാഴെപറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.കെ.പി.പൌലോസ്

2.കെ.എം.റോയ്

3കെ.എൻ.കൈലാസനാഥൻ

4.ബേസിൽ.പി.വർഗ്ഗീസ്

5.ബിനോയ് ജേക്കബ്

6.എ.പി.പൌലേസ്

7.എൽദോ .എൻ.വി

8.സി.റ്റി.കോര

9.എ.ജെ. തോമസ്സ്

10.മഹേഷ്

11.ദിലീപ് കുമാർ

12.സോജൻ.എൻ.ജോർജ്ജ്

13.ബിന്ധ്യ ലിജു
മേൽപ്പറഞ്ഞ കരാറുകാരുടെ തൊഴിൽനികുതി തിട്ടപ്പെടുത്തി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14-2 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്-നഷ്ടം 2640/- രൂപ

2018-19 വർഷത്തിൽ അരിയറായി 2019-20 വർഷം ഈടാക്കിയ ശ്രീ ശങ്കര വിദ്യാനികേതൻ പ്രളയക്കാട് എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ 2640/- രൂപയുടെ കുറവ് വന്നിട്ടുണ്ട്. വിശദ വിവരം ഖണ്ഡിക നം. 2-1 ൽ ചേർത്തിട്ടുണ്ട്.

## 1-15 ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

1.വാടക

വാടക രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തുവക നാല് കെട്ടിടങ്ങൾ (കെട്ടിട നംപർ 7/204, 7/205, 7/206, 3/260)വാടകയ്ക്ക് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാടകയുടെ ഫയലുകൾ ഹാജരാക്കാൻ 24.03.2021 ൽ ഓഡിറ്റ് റിക്വിസിഷൻ നൽകിയെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ വാടക ഈടാക്കിയതിലെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

2.ലേലം

ലേലരജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാൻ 24.03.2021 ൽ ഓഡിറ്റ് റിക്വിസിഷൻ നൽകിയെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ലേലത്തിന്റെ വിശദാംശം പരിശോധിക്കാൻ സാധിച്ചിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-16 ബഡ്സ് സ്കൂൾ- പദ്ധതികളിലെ അപാകതകൾ

1.അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം എന്ന പദ്ധതിയിൽ ഒരേ ചെലവ് രേഖകളുടെ അടിസ്ഥാനത്തിൽ 6529/- രൂപയുടെ ബില്ല് രണ്ട് തവണ മാറി നൽകിയിട്ടുണ്ട്.ഈ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
2.
ബഡ്സ് സ്കൂളിലേക്ക് വാഹനം വാടകയ്ക്കെടുക്കൽ എന്ന പദ്ധതിയിൽ ട്രിപ്പ് ഷീറ്റില്ലാതെ നൽകിയ വാഹന വാടക 2200/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.
വിശദവിവരം ഖണ്ഡിക നമ്പർ 3-1 ൽ ചേർത്തിട്ടുണ്ട്.

## 1-17 ദുരന്തനിവാരണ ആസൂത്രണരേഖ

ദുരന്തലഘൂകരണം, തയ്യാറെടുപ്പ്, മാനേജ്മെന്റ് എന്നീ മേഖലകളിൽ ജനകീയ പങ്കാളിത്തവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വപരമായ ഇടപെടലും ഉറപ്പാക്കി പ്രാദേശികമായി ദുരന്തലഘൂകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ദുരന്തനിവാരണ പ്ലാനുകൾ വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങളനുസരിച്ച് പഞ്ചായത്തിൽ കരട് ദുരന്തനിവാരണ ആസൂത്രണരേഖ തയ്യാറാക്കിയിട്ടുണ്ട്. മിക്കവാറും ഗ്രാമസഭകളിൽ ദുരന്തനിവാരണ പരിപാടി സംബന്ധിച്ച് വിശദമായ ചർച്ചകളും നടത്തിയിട്ടുണ്ട്. എന്നാൽ വാർഡുതല റിസോഴ്സ് ടീം അംഗങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് പരിശീലനം നൽകിയതിന്റെ രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ലഭിച്ചില്ല. മിനിട്ട്സ് അനുസരിച്ച് 29.01.2020 ന് മുടക്കുഴ എസ് സി ബി

ഓഡിറ്റോറിയത്തിൽ വച്ച് നടന്ന പരിശീലന പരിപാടിയിൽ 81 പേർ പങ്കെടുത്തിട്ടുണ്ട്. ആകെ ഈ ശീർഷകത്തിൽ ചെലവായിട്ടുള്ളത് ട്രെയിനിംഗ് നൽകിയ റിസോഴ്സ് പേഴ്സണ് ഓണറേറിയം, യാത്രാപ്പടി എന്നീ ഇനങ്ങളിൽ ചെലവഴിച്ച 2300/- രൂപയാണ്. ഈ തുകയുടെ കൈപ്പറ്റ് രസീതും സൂക്ഷിച്ചിട്ടില്ല. ആരാണ് പരിശീലനം നൽകിയ റിസോഴ്സ് പേഴ്സണെന്നോ, ആർക്കാണ് പരിശീലനം നൽകിയതെന്നോ വ്യക്തമല്ല. ഈയിനത്തിൽ ചെലവഴിച്ച തുകയുടെ അക്കൌണ്ടിംഗ് നടത്തുകയോ, തുക കിലയിൽ നിന്ന് റീഇംബേഴ്സ് ചെയ്ത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. മാർഗ്ഗരേഖയിൽ പറയും പ്രകാരമുള്ള എമർജൻസി റെസ്പോൺസ് ടീം രൂപീകരിച്ചിട്ടുമില്ല.

## 1-18 ദുരിതാശ്വാസനിധി

2003 ലെ കേരളപഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതിൻപ്രകാരമുള്ള ദുരിതാശ്വാസനിധി രൂപീകരിക്കുവാൻ 31.10.2003 ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റിയോഗം തീരുമാനിച്ചു (തീരുമാനം 5). ഇതിനായി മുടക്കുഴ സർവീസ് സഹകരണ ബാങ്കിൽ 02.12.2003 ൽ സെക്രട്ടറിയുടെ പേരിൽ അക്കൌണ്ട് തുടങ്ങി (അക്കൌണ്ട് നം.3124). ആദ്യ സബ്കമ്മിറ്റി രൂപീകരിച്ചത് 30.03.2004 ലെ കമ്മിറ്റി യോഗത്തിന്റെ 30ം നമ്പർ തീരുമാനപ്രകാരമാണ്. സബ്കമ്മിറ്റി 2006 ലും 2011 ലും പുനഃസംഘടിപ്പിച്ചിട്ടുള്ളതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2016 ൽ കമ്മിറ്റി പുനഃസംഘടിപ്പിച്ചതായി രേഖപ്പെടുത്തലില്ല. പുതിയ കമ്മിറ്റി അധികാരത്തിൽ വന്ന ശേഷം ഒരു തവണ യോഗം ചേർന്നിട്ടുണ്ടെങ്കിലും പുനഃസംഘടന നടത്തിയതിന്റെ വിവരം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. സബ്കമ്മിറ്റിയുടെ പുനഃസംഘടനാവിവരവും തീരുമാനവും മിനിട്ട്സിൽ രേഖപ്പെടുത്തേണ്ടതാണ്.

## 1-18-1 സഹായം അനുവദിക്കുന്നതിൽ കാലതാമസം

ദുരിതമനുഭവിക്കുന്നവർക്ക് അടിയന്തിര ധനസഹായം അനുവദിക്കുന്നതാണ് ദുരിതാശ്വാസ നിധി രൂപീകരിച്ചിരിക്കുന്നത്. എന്നാൽ അപേക്ഷ ലഭിച്ച് ഒരു വർഷത്തിലേറെ കാലതാമസത്തിന് ശേഷമാണ് ധനസഹായം വിതരണം ചെയ്തിരിക്കുന്നത്. തൻവർഷം ധനസഹായമനുവദിച്ചവരിൽ 2018-19 ൽ അപേക്ഷ നൽകിയ രണ്ടുപേരും ഉൾപ്പെടുന്നു. 31.03.2019 ൽ ഈ അക്കൌണ്ടിൽ 21710/- രൂപ നീക്കിയിരിപ്പ് ഉള്ളപ്പോഴാണ് ഇത്രയുമധികം കാലതാമസം ധനസഹായമനുവദിക്കുന്നതിൽ ഉണ്ടായിരിക്കുന്നത്. ദുരിതാശ്വാസനിധിയിൽ ഫണ്ട് ഉണ്ടെങ്കിൽ കാലതാമസമില്ലാതെ ധനസഹായമനുവദിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 ഗ്രാമസഭ

ഗ്രാമസഭായോഗങ്ങളിലേക്ക് ബ്ളോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് അംഗങ്ങളെ നിർബന്ധമായും ക്ഷണിക്കേണ്ടതാണെന്ന് ഗ്രാമസഭയുടെ സംഘാടനം സംബന്ധിച്ച് തദ്ദേശസ്വയംഭരണവകുപ്പ് പുറപ്പെടുവിച്ച സർക്കുലറിൽ വ്യക്തമാക്കുന്നു. എന്നാൽ തൻവർഷം നടന്ന ഗ്രാമസഭായോഗങ്ങളിൽ ഒരു വാർഡിൽ മാത്രമാണ് ബ്ലോക്ക് പഞ്ചായത്ത് അംഗത്തിന്റെ പ്രാതിനിധ്യം ഉണ്ടായിരുന്നത്. ജില്ലാ പഞ്ചായത്ത് അംഗം ഗ്രാമസഭായോഗങ്ങളിൽ പങ്കെടുത്തിട്ടില്ലായെന്ന് മിനിട്ട്സ് വ്യക്തമാക്കുന്നു. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ നിർബന്ധിതവിഹിതം കൂടി ചേർത്ത് നടപ്പാക്കേണ്ട പല പദ്ധതികളും ഗ്രാമപഞ്ചായത്തിന് ഉള്ളതിനാൽ ബ്ലോക്ക് ,ജില്ലാ പഞ്ചായത്ത് പ്രതിനിധികളുടെ പ്രാതിനിധ്യം ഗ്രാമസഭകളിൽ ഉണ്ടാകുന്നതിന് ശ്രദ്ധവയ്ക്കേണ്ടതാണ്.

## 1-19-1 സ്യൂട്ട് രജിസ്റ്റർ

ഗ്രാമപഞ്ചായത്തിലെ കോടതിവ്യവഹാരങ്ങളുമായി ബന്ധപ്പെട്ട് സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.

## 1-19-2 റെക്കോർഡ് റൂം

റെക്കോർഡ് റൂം സജ്ജമാക്കിയിട്ടുണ്ട്.

## 1-19-3 കമ്മിറ്റി/മീറ്റിംഗുകൾ

പഞ്ചായത്ത് കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റി, സ്റ്റിയറിംഗ് കമ്മിറ്റി എന്നിവ കൃത്യമായ ഇടവേളകളിൽ യോഗം ചേരുകയും മിനിട്ട്സ് തയ്യാറാക്കി കൺവീനറുടെ കൈയ്യൊപ്പോടെ ക്ലോസ് ചെയ്ത് സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്.

## 1-19-4 ഓഫീസ് പ്രവർത്തനം

പൌരാവകാശ രേഖ

പൌരന്മാർക്ക് പഞ്ചായത്ത് ലഭ്യമാക്കുന്ന വിവിധയിനം സേവനങ്ങളെയും അവയുടെ വ്യവസ്ഥകളെയും അവ ലഭ്യമാക്കുന്ന സമയപരിധിയെയും സംബന്ധിച്ച് ഒരു രൂപരേഖ തയ്യാറാക്കി പൌരാവകാശരേഖ എന്ന പേരിൽ പ്രസിദ്ധപ്പെടുത്തണമെന്നും വർഷത്തിലൊരിക്കൽ പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യണമെന്ന പഞ്ചായത്ത് രാജ് നിയമവ്യവസ്ഥയനുസരിച്ച് പഞ്ചായത്ത് പൌരാവകാശരേഖ തയ്യാറാക്കിയിട്ടുണ്ട്. പഞ്ചായത്തും അതിന് കൈമാറിക്കിട്ടിയ വിവിധ സ്ഥാപനങ്ങളും ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരം, അപേക്ഷിക്കേണ്ട വിധം, പാലിക്കേണ്ട നിബന്ധനകൾ, ലഭ്യമാക്കുന്ന സമയപരിധി, അടയ്ക്കേണ്ട ഫീസ് എന്നിവയെപ്പറ്റി പൌരാവകാശരേഖ വളരെ ലളിതമായും കൃത്യമായും പ്രതിപാദിക്കുന്നുണ്ട്.

ഫ്രണ്ട് ഓഫീസ്

എല്ലാ സൌകര്യങ്ങളോടെയുമുള്ള ഫ്രണ്ട് ഓഫീസ് സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഇരിപ്പിടം, കുടിവെള്ള സൌകര്യം , സൌജന്യ വൈ ഫൈ സംവിധാനം എന്നിവ ഫ്രണ്ട് ഓഫീസിൽ ലഭ്യമാണ്. നൽകുന്ന സേവനങ്ങൾ നോട്ടീസ് ബോർഡിൽ ചേർത്തിട്ടുണ്ട്. ഹാജരായിട്ടുള്ള ജനപ്രതിനിധികളുടെയും ജീവനക്കാരുടെയും വിവരം ഫ്രണ്ട് ഓഫീസിൽ നിന്ന് ലഭിക്കുന്ന വിധത്തിൽ ഹാജർ വിവരവും പ്രദർശിപ്പിച്ചിട്ടുണ്ട്.

ഐ എസ് ഒ

22.04.2019 ൽ സ്ഥാപനത്തിന് ഐ എസ് ഒ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. ഇതിന്റെ പ്രഖ്യാപനം 02.09.2019 ൽ നടന്നു.

## 1-19-5 വിവരാവകാശ നിയമം

വിവരാവകാശ നിയമപ്രകാരം ലഭിച്ച അപേക്ഷകൾക്ക് സമയപരിധിക്കുള്ളിൽ മറുപടി നൽകിയിട്ടുണ്ട്.

## 1-20 വൃദ്ധർക്ക് കട്ടിൽ (എസ് സി)-വിതരണം പൂർത്തിയാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വൃദ്ധർക്ക് കട്ടിൽ (എസ് സി) |
| പ്രോജക്ട് നം30/20 | S32/20 |
| അടങ്കൽ | 390000/- ( എസ് സി പി) |
| ചെലവ് | 242992/- |
| ബിൽ നമ്പർ/വൌച്ചർ നമ്പർ/ തീയതി | 21/19-20 തീയതി 13.06.2019 തുക 242992/- |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ വൃദ്ധർക്ക് കട്ടിൽ (എസ് സി) പദ്ധതിയിൽ 4050/- രൂപ നിരക്കിൽ 242992/- രൂപ ചെലവഴിച്ച് റിനി എഞ്ചിനിയറിംഗ് വർക്ക്സ് , മുപ്പത്തടം , ആലുവ എന്ന സ്ഥാപനത്തിൽ നിന്ന് ടെൻഡർ നടപടിയിലൂടെ 60 കട്ടിലുകൾ വാങ്ങിയിരുന്നു. എന്നാൽ നാളിതുവരെ വിതരണം പൂർത്തിയാക്കാത്തതിനാൽ വിതരണം ചെയ്യാതെ അവശേഷിക്കുന്ന 31 കട്ടിലുകളുടെ വിലയായ 125550/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദവിവരം ഖണ്ഡിക 3-4 ൽ ചേർത്തിട്ടുണ്ട്.

## 1-21 പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ- തുടർനടപടി സ്വീകരിക്കുന്നില്ല.

1.

മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വേങ്ങൂർ വെസ്റ്റ് വില്ലേജ് , ബ്ലോക്ക് 17, റീസർവ്വേ 349/1 ൽപ്പെട്ട വഴി പുറമ്പോക്ക് കൈയേറ്റം സംബന്ധിച്ച് ശ്രീ സുനിൽകുമാർ, ആലയിൽ വീട്, മയ്യനാട് എന്നയാളുടെ പരാതിയുമായി ബന്ധപ്പെട്ട് പരിശോധനയക്കായി ജില്ലാ കളക്ടേറ്റിൽ നിന്ന് നിർദ്ദേശം നൽകിയതനുസരിച്ച് പഞ്ചായത്ത് അധീനതയിലുള്ള ഭൂമിയുടെ അതിർത്തി നിർണ്ണയം നടത്തുന്നതിന് താലൂക്ക് സർവേയർ പഞ്ചായത്തിന് നോട്ടീസ് നൽകി. എന്നാൽ സർവ്വേ അതിരടയാള നിയമപ്രകാരം ഫീസടച്ച് ചെലാൻ ഹാജരാക്കുകയോ ഫോം 10ൽ അപേക്ഷ സമർപ്പിക്കുകയോ നേരിട്ട് ഹാജരാകുകയോ ചെയ്യാത്ത വിവരം തഹസീൽദാർ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തു. മേൽ റിപ്പോർട്ട് പ്രകാരം ജില്ലാ കളക്ടർ 25.03.2009 ൽ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ കത്തിൽ അതിർത്തി നിർണ്ണയത്തിന് തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കാൻ നിർദ്ദേശിച്ചു. 29.04.19 ൽ ചേർന്ന കമ്മിറ്റി യോഗം 4(1) തീരുമാനപ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഫീസ് അടയ്ക്കുന്നതിന് 18.06.2019

ലെ 194ാം നമ്പർ വൌച്ചർ പ്രകാരം 900/-രൂപ പിൻവലിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമായില്ല.

2.

മുടക്കുഴ ഗ്രാമപഞ്ചായത്ത് 11ാം വാർഡിൽ മുണ്ടപ്പിള്ളിൽ ചൂണ്ടക്കുഴി റോഡിലേക്ക് ഇറക്കി ശ്രീ സിംസൺ, പോരോത്താൻ എന്നയാൾ നടത്തിയ അനധികൃത നിർമ്മാണം പൊളിച്ച് മാറ്റുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുള്ളതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 170(1),(2),(3) വകുപ്പുകൾ പ്രകാരം ടി നിർമ്മാണം പൊളിച്ച് നീക്കി പഞ്ചായത്തിൽ വിവരം അറിയിക്കുവാൻ സെക്രട്ടറി നോട്ടീസ് നൽകിയിരുന്നതുമാണ്. എന്നാൽ ടിയാൾ വിശദീകരണം നൽകുകയാണ് ഉണ്ടായത്. ഈ വിശദീകരണം അനധികൃത നിർമ്മാണത്തെ ന്യായീകരിക്കുന്നതിനോ സാധൂകരിക്കുന്നതിനോ പര്യാപ്തമല്ലാത്തതിനാൽ 12.07.2019 ലെ 19(1) തീരുമാനപ്രകാരം ഈ പ്രവൃത്തി ക്വട്ടേഷൻ ക്ഷണിച്ച് നിർവ്വഹിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയറെ ചുമതലപ്പെടുത്തി. എന്നാൽ പ്രവൃത്തി ഏറ്റെടുക്കുവാൻ ആരും തയ്യാറാകാത്തതിനാൽ അനധികൃത നിർമ്മാണം 05.02.2020 ൽ പൊലീസ് സംരക്ഷണയിൽ സ്റ്റിയറിംഗ് കമ്മിറ്റി, വാർഡ് മെമ്പർ, സെക്രട്ടറി എന്നിവരുടെ മേൽനോട്ടത്തിലും അസിസ്റ്റന്റ് എഞ്ചിനിയറുടെ ചുമതലയിലും പൊളിച്ച് മാറ്റുന്നതിനും ആയതിന്റെ ചെലവ് തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനും പ്രസ്തുത തുക ഉടമസ്ഥനിൽ നിന്ന് ഈടാക്കുന്നതിനും 22.01.2020 ൽ ചേർന്ന കമ്മിറ്റി 34(1) പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. ഈ പ്രവൃത്തിക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്ന് ചെലവാക്കിയ 7505/- രൂപ (31.03.2020 ലെ 1064 വൌച്ചർ) തിരികെ ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമായില്ല.

ഇത് സംബന്ധിച്ച് 25.03.2021 ൽ നൽകിയ 12ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-22 ലൈഫ് പദ്ധതി-അംഗീകരിച്ചതിലും അധികം വായ്പാതുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം |
| പ്രോജക്ട് നം | S017/20 |
| അടങ്കൽ | 6000000/- ( 777394/-വികസന ഫണ്ട്-ജനറൽ, 8,00,000/-സംസ്ഥാനാവിഷ്കൃത ഫണ്ട്, 10,00,000/-ബ്ലോക്ക് വിഹിതം7,10,000/-ജില്ലാ പഞ്ചായത്ത്, 2712606/- മറ്റുള്ളവ) |
| ചെലവ് | 4084000/- |

വി ഇ ഒ, ഉരുത്തി നിർവ്വഹണം നടത്തിയ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം പദ്ധതിയിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ (HUDCO ലോൺ) 1212606/- രൂപ , എം എൻ ലക്ഷം വീട് പദ്ധതിയിൽ അവശേഷിക്കുന്ന തുക 15,00,000/- എന്നിങ്ങനെ ആകെ 27,12,606/- രൂപയാണ് മറ്റുള്ളവ എന്ന വിഭാഗത്തിൽ വകയിരുത്തിയിരുന്ന തുക. എന്നാൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ എന്നയിനത്തിൽ പ്രോജക്ട് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങാതെ 12,12,606/- രൂപ ചെലവഴിക്കുന്നതിന് പകരം 13,64,000/-രൂപ (151394/-രൂപ കൂടുതൽ) തൻ വർഷം ചെലവഴിച്ചു. ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 22.03.2021 ൽ നൽകിയ 1ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മുൻവർഷം കിട്ടിയ തുക കൂടി 2019-20 വർഷം ഗുണഭോക്താക്കൾക്ക് അനുവദിച്ചതിനാലാണ് അധികം തുക ചെലവായത് എന്നാണ്. ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്ററുടെ വാക്കാലുള്ള നിർദ്ദേശപ്രകാരമാണ് ഇപ്രകാരം ചെയ്തതെന്നും തൻവർഷം പദ്ധതി റിവൈസ് ചെയ്യാൻ സാധിക്കാതെ വന്നതിനാൽ ഈ ചെലവ് സുലേഖ സോഫ്റ്റ്വെയറിൽ ചെലവ് വരാതിരിക്കുകയും ഇത് പരിഹരിക്കുന്നതിനായി 2020-21 വർഷം S0292/21 നമ്പർ പ്രോജക്ടായി ലൈഫ് ഹഡ്കോ വിഹിതം വകയിരുത്തൽ എന്ന പദ്ധതി മുഖേന നടപ്പാക്കുകയും അപാകത പരിഹരിക്കുകയും ചെയ്തിട്ടുണ്ട് എന്നും നിർവ്വഹണോദ്യോഗസ്ഥൻ വിശദീകരിച്ചിട്ടുണ്ട്. പദ്ധതികൾ നടപ്പാക്കുമ്പോൾ ആസൂത്രണ സമിതിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ മാത്രം നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ക്ഷേമപെൻഷൻ വിതരണത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽനിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കുശേഷവും പെൻഷണറുടെ ബാങ്ക് അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. മൂന്ന് ഗുണഭോക്താക്കൾക്ക് മരണശേഷം അനുവദിച്ച പെൻഷൻ തുക 10500/-ബാങ്കിൽ നിന്നോ അക്കൌണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് വിശദീകരിക്കുവാനാവശ്യപ്പെട്ട് നൽകിയ 29.03.2021ലെ 17ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഒന്നും ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ഖണ്ഡിക 3-3 ചേർത്തിട്ടുണ്ട്.

## 1-24 സൂതികാ പരിചരണം-നൂതന പ്രോജക്ടിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങേണ്ടതാണ്

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഗർഭിണി സൂതികാപരിചരണം |
| പ്രോജക്ട് നം | 9/19-20 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| അടങ്കൽ | 72000/-(പൊതുവിഭാഗം സാധാരണ വിഹിതം) |
| ചെലവ് | 72000/- |
| ബിൽ നം. | 2/ 19-20 - തീയതി.10.06.2019 തുക 69000/-<br>3/19-20 - തീയതി 18.10.2019 തുക 3000/- |

ഗ്രാമപഞ്ചായത്തിൽ ഗർഭകാലവും സൂതികാകാലവും ചെലവഴിക്കുന്ന സ്ത്രീകളുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കി പുതുതലമുറയ്ക്ക് ആയുർവ്വേദ പരിചരണത്തിലൂടെ രോഗപ്രതിരോധ ശക്തി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയിരിക്കുന്നതാണ് മേൽപദ്ധതി. സ.ഉ.(കൈ) നം.22/2018/ത.സ്വ.വ. തിരുവനന്തപുരം തിയതി.14.02.2018, സ.ഉ.(കൈ) നം.11/2018/ത.സ്വ.വ. തിരുവനന്തപുരം തീയതി.29.01.2018 എന്നീ പദ്ധതി മാർഗ്ഗരേഖകളിൽ ഇത്തരം പ്രോജക്ട് ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ പ്രസ്തുത പ്രോജക്ടിൽ ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ വ്യക്തമല്ല. നിലവിലുള്ള മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത പദ്ധതി ആയതിനാൽ സ.ഉ.(കൈ) നം.11/2018/ത.സ്വ.വ. തിരുവനന്തപുരം തിയതി.29.01.2018 ഖണ്ഡിക3.8.4 പ്രകാരം നൂതന പ്രോജക്ടിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങേണ്ടതായിരുന്നു. ഇനിയും ഇത്തരം പ്രോജക്ടുകൾ ഏറ്റെടുത്ത് നടത്തുമ്പോൾ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-25 ഫർണിച്ചർ വാങ്ങൽ- ബില്ലിൽ ജി എസ് ടി വിവരങ്ങൾ ഇല്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തുരുത്തി മൃഗാശുപത്രിയിലേക്ക് ഫർണിച്ചർ |
| പ്രോജക്ട് നം | S078/20 |
| അടങ്കൽ | 16000/- ( വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 16000/- |
| ബിൽ നമ്പർ | 3/19-20 തീയതി 25.02.2020 |

വെറ്ററിനറി സർജൻ, തുരുത്തി നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ 16000/- രൂപ ചെലവഴിച്ച് അലമാര, കമ്പ്യൂട്ടർ ടേബിൾ, ചെയർ എന്നിവ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങിയിട്ടുണ്ട്. ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത മെറ്റൽ ടെക്ക്, കുറുപ്പംപടി പി ഒ എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ഒരു അലമാര, ഒരു കമ്പ്യൂട്ടർ ടേബിൾ, രണ്ട് ചെയർ എന്നിവയ്ക്ക് യഥാക്രമം 7000/-, 4000/-, 5000/- എന്നിങ്ങനെ ചെലവ് വന്നിട്ടുണ്ട്. സ്ഥാപനത്തിന്റെ ബില്ലിൽ GSTIN32ABSPI6561R1ZV എന്ന് ജി എസ് ടി രജിസ്ട്രേഷൻ നമ്പർ ചേർത്തിട്ടുണ്ടെങ്കിലും വാങ്ങിയ ഫർണിച്ചറിന്റെ വിലയിൽ ജി എസ് ടി വിവരങ്ങൾ ചേർത്തിട്ടില്ല. ആയതിനാൽ സ്ഥാപനം ജി എസ് ടി അടവാക്കിയിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും ജി എസ് ടി വിവരങ്ങൾ ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-26 വളർത്തുനായകൾക്ക് ലൈസൻസ് ഉറപ്പ് വരുത്തുന്നില്ല

പഞ്ചായത്തിന്റെ 2019-20 വാർഷിക ധനകാര്യപത്രിക പ്രകാരം പന്നികൾക്കും, നായകൾക്കും ലൈസൻസ് നൽകിയ ഇനത്തിലെ ആകെ വരവ് 120/-രൂപയാണ്. എന്നാൽ വെറ്ററിനറി സർജൻ നടപ്പാക്കിയ പേവിഷബാധ നിർമാർജനം (പ്രോജക്ട് നം.80/20) എന്ന പദ്ധതി പ്രകാരം ആകെ 308 നായകൾക്ക് പ്രതിരോധ വാക്സിൻ നൽകിയിട്ടുണ്ട്. രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 5 നായകൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. പ്രതിരോധ കുത്തിവയ്പ്പ് നൽകിയിട്ടുള്ള നായ്ക്കളിൽത്തന്നെ 303 എണ്ണത്തിന് ലൈസൻസ് ഇല്ലായെന്ന് കാണുന്നു. 1998ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും, പട്ടികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പ്രകാരം ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 25.03.2021ലെ 11ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഒന്നും ലഭ്യമാക്കിയിട്ടില്ല. പന്നികൾക്കും, പട്ടികൾക്കും ലൈസൻസ് നൽകൽ പഞ്ചായത്തിന്റെ അനിവാര്യ ചുമതല ആയിരിക്കെ, പഞ്ചായത്ത് നൽകുന്ന സേവനം ഉപയോഗിച്ച് പ്രതിരോധ കുത്തിവയ്പ്പ് എടുക്കുന്ന നായ്ക്കളുടെ പോലും ലൈസൻസ് ഉറപ്പാക്കാൻ സാധിക്കാത്തത് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ്. ഫീസിനത്തിലെ വരവ് നഷ്ടവും ഇത് മൂലം ഉണ്ടാകുന്നുണ്ട്. തൻവർഷം പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയിൽ നിന്നും 2000/- രൂപ നായയുടെ കടിയേറ്റതിന്റെ ചികിത്സാ ചെലവിനത്തിൽ നൽകിയിട്ടുണ്ട്. വളർത്തുനായകൾക്ക് ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-27 ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | 08/20, ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 4,00,000/- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ചെലവ് | 4,00,000/- |
| ബിൽ നമ്പർ | 01/19-20 തീയതി 10. 06.2019 |

പതിമൂന്നാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.22/2018 തസ്വഭവ തീയതി 14.02.2018, ഖണ്ഡിക നമ്പർ 7.5.3 ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയുർവേദ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ മേൽ പദ്ധതിയിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിനായി ആവശ്യമുള്ള മരുന്നുകളുടെ ലിസ്റ്റ് ജില്ലാ മെഡിക്കൽ ഓഫീസർക്ക് കൈമാറിയിരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ മൂടക്കുഴ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലേക്ക് ഔഷധങ്ങൾക്കായി 66000/- രൂപയാണ് സർക്കാരിൽ നിന്നും അനുവദിച്ചിട്ടുള്ളതെന്നും ഈ തുക അപര്യാപ്തമായതിനാൽ കൂടുതലായി വേണ്ടി വരുന്ന ഔഷധങ്ങൾ വാങ്ങുന്നതിന് ആവശ്യമായ തുക പഞ്ചായത്തിൽ നിന്നും അനുവദിക്കാവുന്നതാണെന്നുമാണ് ജില്ലാ മെഡിക്കൽ ഓഫീസർ നിർദ്ദേശിച്ചിട്ടുള്ളത്. ഡിസ്പെൻസറിയി ലേക്കാവശ്യപ്പെട്ട മരുന്നുകൾ ലഭ്യമാണോ അല്ലയോ എന്ന് സാക്ഷ്യപ്പെടുത്തുന്നതിന് പകരം ഫണ്ട് അപര്യാപ്തമായതിനാൽ പഞ്ചായത്തിൽ നിന്ന് അനുവദിക്കാവുന്നതാണെന്ന സാക്ഷ്യപത്രം ലഭ്യമാക്കുന്നത് പദ്ധതി മാർഗ്ഗരേഖയ്ക്ക് അനുസൃതമായ നടപടിയല്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കി മരുന്ന് വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-28 സ്റ്റോക്ക് രജിസ്റ്ററിന്റെ പരിപാലനം-അപാകതകൾ

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 150 പ്രകാരം പ്രധാനമായും രണ്ട് സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. ഓഫീസ് ഫർണിച്ചറും പുസ്തകങ്ങൾ ഒഴികെയുള്ള മറ്റ് സ്റ്റോറുകളും ഉൾപ്പെടുത്തി ഒരു രജിസ്റ്ററും പുസ്തകങ്ങൾ, ഫോമുകൾ, സ്റ്റേഷനറി എന്നിവ ഉൾപ്പെടുത്തി മറ്റൊരു രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്. ഓഫീസ് മേധാവി തന്റെ കസ്റ്റഡിയിൽ, മാർച്ച് 31 ന് സ്റ്റോക്കിലുള്ള സ്റ്റോറുകളുടെ കൃത്യത ഉറപ്പാക്കി സാക്ഷ്യപ്പെടുത്തേണ്ടതും ഉപയോഗക്ഷമമല്ലാത്ത സാധനങ്ങൾ ഉണ്ടെങ്കിൽ അവ ക്രമപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ് (ആർട്ടിക്കിൾ 153, കെ.എഫ്.സി). എന്നാൽ ഇപ്രകാരം സ്റ്റോക്ക് സർട്ടിഫിക്കറ്റുകൾ സെക്രട്ടറി രേഖപ്പെടുത്തുന്നില്ല.

1. സ്റ്റേഷനറി സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി രീതിയിൽ എഴുതുന്നില്ല. ഓരോ ഐറ്റത്തിനും ഇൻഡക്സ് അനുസരിച്ച് രസീപ്റ്റ്, ഇഷ്യു, ബാലൻസ് എന്നിവ രേഖപ്പെടുത്തുന്നതിനു പകരം ഇനം തിരിക്കാതെ സാധങ്ങൾ ലഭ്യമാകുന്നതിനനുസരിച്ച് രസീപ്റ്റ് മാത്രമാണ് രേഖപ്പെടുത്തുന്നത്.

2. മൂവബിൾ പ്രോപ്പർട്ടി സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

26-3-21-നൽകിയ ഓഡിറ്റ് എൻക്വയറി നം 15-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മൂവബിൾ പ്രോപ്പർട്ടി സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജറാക്കേണ്ടതും സ്റ്റേഷനറി സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-29 തൊഴിലുറപ്പ് പദ്ധതി അവലോകനം

2019-20 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 2539 |
| ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ | 4212 |
| | |
| 2019-20 ൽ നല്കിയ തൊഴിൽ ദിനങ്ങൾ | 40132 |
| 100 തൊഴിൽ ദിനങ്ങൾ നല്കപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 140 |
| 2019-20 വർഷത്തെ ആകെ ചെലവ് തുക | 14392931 |

ചെലവിന്റെ ഇനം തിരിച്ചുള്ള വിവരം താഴെക്കൊടുക്കുന്നു.

| ഇനം | തുക |
|---|---|
| അവിദഗ്ധ വേതനം | 11024684 |
| വിദഗ്ധ വേതനം | 346000 |
| [illegible] | |

| | |
|---|---|
| മെറ്റീരിയൽ | 1979874.3 |
| ഭരണച്ചെലവ് | 1042373 |
| ആകെ | 14392931 |

ആക്ഷൻ പ്ലാൻ അനുസരിച്ച് ആകെ രൂപീകരിച്ച വർക്കുകൾ --109
പൂർത്തിയാക്കിയ വർക്കുകൾ-- 109
നടത്തിയ പ്രധാനപദ്ധതികളുടെ മേഖല തിരിച്ചുള്ള വിവരം താഴെക്കൊടുക്കുന്നു

| തയ്യാറാക്കിയ പ്രവൃത്തികൾ | സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികൾ | നടപ്പാക്കിയ പ്രവൃത്തികൾ |
|---|---|---|
| ഭവന നിർമ്മാണം | 17 | 17 |
| കിണർ നിർമ്മാണം | 11 | 8 |
| ജലസേചന കനാലുകൾ | 9 | 9 |
| മത്സ്യക്കുളം | 3 | 2 |
| ഭൂവികസന പ്രവൃത്തികൾ | 51 | 46 |
| വൃക്ഷത്തൈ നടീൽ | 1 | 1 |
| തൊഴുത്ത് നിർമ്മാണം | 12 | 11 |
| കംപോസ്റ്റ് പിറ്റ് നിർമ്മാണം | 3 | 3 |
| സോക്ക് പിറ്റ് നിർമ്മാണം | 2 | 2 |
| ആട്ടിൻ കൂട് നിർമ്മാണം | 9 | 9 |
| കോഴിക്കൂട് നിർമ്മാണം | 1 | 1 |
| ആകെ | 119 | 109 |

ഒരു വാർഡിലാണ് സോഷ്യൽ ഓഡിറ്റ് നടന്നിട്ടുള്ളത് (വാർഡ് 10). 2018-19 വർഷം 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ 189 കുടുംബങ്ങൾക്കുള്ള ഇൻസെന്റീവ് തൻവർഷം നൽകിയിട്ടുണ്ട്.

## 1-30 ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് തുക അടവാക്കി

1.ജീവനക്കാരുടെ തൊഴിൽ നികുതി കുറവ് ഈടാക്കിയത് സംബന്ധിച്ച് നൽകിയ 22.03.2021 ലെ 30ാം നമ്പർ ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് 23.03.2021 ലെ 1200102179 നമ്പർ രസീത് പ്രകാരം 250/- രൂപ അടവാക്കി.
2.കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളവിതരണം നടത്തിയ കരാറുകാരനിൽനിന്ന് 1% ആദായനികുതി ഈടാക്കിയില്ല എന്നതു സംബന്ധിച്ച് 24.03.2021-ൽ നൽകിയ 8-ാം നമ്പർ എൻക്വയറിയെത്തുടർന്ന് 29.03.2021-ലെ 1200102372 നമ്പർ വൌച്ചർ പ്രകാരം 2641 രൂപ അടവാക്കിയിട്ടുണ്ട്

# ഭാഗം -2

## 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്-നഷ്ടം 2640/- രൂപ

2018-19 വർഷത്തിൽ അരിയറായി 2019-20 വർഷത്തിൽ ഈടാക്കിയ താഴെപ്പറയുന്ന ജീവനക്കാരുടെതൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു.

ശ്രീശങ്കര വിദ്യാനികേതൻ പ്രളയക്കാട്

| ക്രമ നം | പേര് | അർദ്ധ വാർഷിക വരുമാനം | അർദ്ധ വർഷം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് | രസീത് നമ്പർ |
|---|---|---|---|---|---|---|---|
| 1 | ഗീത | 31200 | 1&2 | 300+300 | 180+180 | 120+120 | 1109010100642/ 24.06.2019 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | വൽസല.കെ | 30000 | 1&2 | 300+300 | 180+180 | 120+120 | „ |
| 3 | ഷീബ.എം.എൻ | 30000 | 1&2 | 300+300 | 180+180 | 120+120 | „ |
| 4 | ഷൈജു അനൂബ് | 30000 | 1&2 | 300+300 | 180+180 | 120+120 | „ |
| 5 | അനിത ബൈജു | 30000 | 1&2 | 300+300 | 180+180 | 120+120 | „ |
| 6 | ആതിര.എൻ.ആർ | 30000 | 1&2 | 300+300 | 180+180 | 120+120 | „ |
| 7 | സ്നേഹലത | 30000 | 1&2 | 300+300 | 180+180 | 120+120 | „ |
| 8 | ദീപ.പി.വി | 30000 | 1&2 | 300+300 | 180+180 | 120+120 | „ |
| 9 | ശരണ്യ | 30000 | 1&2 | 300+300 | 180+180 | 120+120 | „ |
| 10 | സൌദാമിനി. | 30000 | 1&2 | 300+300 | 180+180 | 120+120 | „ |
| 11 | രമ രാജേഷ് | 30000 | 1&2 | 300+300 | 180+180 | 120+120 | „ |
| ആകെ | | | | | | 2640/- | |

മേൽകാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 22.03.2021 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 3 ന് നൽകിയ മറുപടിയിൽ നികുതിയിനത്തിൽ ബാക്കി തുക അടയ്ക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തൊഴിൽ നികുതിയിനത്തിൽ കുറവ് വന്ന 2640/- രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 സ്ഥാപനങ്ങൾക്ക് ലൈസൻസ്-ഫീസ് ഈടാക്കിയതിൽ കുറവ്

പഞ്ചായത്ത് രാജ് ( ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് കാണുന്നു.

| ക്രമ നം. | കെട്ടിട നം | സ്ഥപനത്തിന്റെ പേര് | പേര് | മൂലധന നിക്ഷേപം | ഈടാക്കിയ ഫീസ് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | 10/307 | പ്രൊവിഷണൽ സ്റ്റോർ | വി.റ്റി.വർഗ്ഗീസ് വെളിയത്ത് | 25000 | 200 | 500 | 300 |
| 2 | 12/361,362,363 | ഇലക്ട്രിക്കൽ ഐറ്റംസ് | ശ്രീകാന്ത്.റ്റി.റ്റി. തട്ടാണ്ടുകുടി | 200000 | 300 | 500 | 200 |
| 3 | 11/252 | പലചരക്ക് | രാജീവ്.പി.കെ പെരിഞ്ചേരി | 50000 | 300 | 500 | 200 |
| 4 | 12/383D | ഹൌസ്ഹോൾഡ് ഐറ്റംസ് | ആർ.ഗോപാലൻ നായർ | 50000 | 100 | 500 | 400 |
| 5 | 8/348B | പലചരക്ക് | സുബ്ര്യമണ്യൻ.ഇ.എ ഇടത്തോട്ടിൽ | 50000 | 200 | 500 | 300 |
| 6 | 8/255 | ഫുഡ് പ്രോഡക്ട് | ബന്നി എബ്രഹാം ഇടക്കര | 50000 | 300 | 500 | 200 |
| 7 | 1/43B | ഫുഡ് ഐറ്റംസ് വിൽപ്പന | ആർ.മണി പെരുഞ്ചേരി മഠം | 100000 | 200 | 500 | 300 |
| 8 | 1/80A | പലചരക്ക് | സെലീന തോമസ് പാറക്ക | 50000 | 200 | 500 | 300 |
| 9 | 2/238A | പലചരക്ക് | സി.എൻ.വേലായുധൻ ചുള്ളിപ്പറമ്പിൽ | 80000 | 200 | 500 | 300 |
| 10 | 10/174D | പലചരക്ക് | അന്നക്കുട്ടിപൌലോസ് പുന്നേടത്ത് മൂലയിൽ | 50000 | 300 | 500 | 200 |
| 11 | 12/263C,263D | പലചരക്ക് | എൻ.പി.മോഹനൻ നടുവിലെമാലി | 200000 | 300 | 500 | 200 |
| | | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 12 | 8/198 | പലചരക്ക് | പി.വി.വർഗ്ഗീസ് പുത്തൻപുരയ്ക്കൽ | 150000 | 200 | 500 | 300 |
| 13 | 8/199 | പലചരക്ക് | കെ.കെ.എൽദോ കാരിക്കുട്ടി | 10000 | 200 | 500 | 300 |
| 14 | 7/234C | പലചരക്ക് | കെ.എം.വിജയൻ കന്യാകുഴി | 100000 | 200 | 500 | 300 |
| 15 | 8/202 | പലചരക്ക് | വി.കെ.രവി വട്ടപ്പാറ | 25000 | 200 | 500 | 300 |
| 16 | 11/40 | ഇലക്ട്രിക് ഉല്പ്പന്ന വില്പന | അനി.എം.ബി മുത്തലങ്ങൽ | 150000 | 200 | 500 | 300 |
| 17 | 12/365,366 | മേശ,കസേര വാടകയ്ക്ക് | റെജി കുര്യാക്കോസ് തോലാലിൽ | 50000 | 100 | 500 | 400 |
| 18 | 9/253 | പോൾട്ടി ഫാം | ഗൌരി ഭാസ്കർ നാളോത്തുകുടി | 200000 | 300 | 500 | 200 |
| 19 | 11/406A&B | ടെക്സ്റ്റൈൽസ് | സുധീർ.സി.സി ചന്ദ്രത്തിൽ ഹൌസ് | 200000 | 200 | 500 | 300 |
| 20 | 4/108A,B | ഡയറി ഫാം | റിജോ ജോസ് | 500000 | 300 | 500 | 200 |
| 21 | 9/107 | രാസവളം,കീടനാശിനി കട | സെക്രട്ടറി,മുടക്കുഴ സർവ്വീസ് സഹകരണബാങ്ക് | 60000 | 200 | 500 | 300 |
| 22 | 6/225 | പലചരക്ക് | ആന്റണി പോൾ ബാവക്കാരൻ | 100000 | 200 | 500 | 300 |
| 23 | 1/8 | പലചരക്ക് | സോമൻ.സി.ജി | 30000 | 200 | 500 | 300 |
| 24 | 7/397 | നാടൻ തട്ടുകട | പത്രോസ്.പി.എം | 50000 | 200 | 500 | 300 |
| 25 | 6/254 | സ്റ്റേഷനറി | ഷേർളി ജോയി ഇടശ്ശേരി | 50000 | 200 | 500 | 300 |
| 26 | 7/178G | പച്ചക്കറി | ഷിബിൻ.സി.വി ചാത്തനാടൻ | 25000 | 200 | 500 | 300 |
| 27 | 6/246 | ബേക്കറി | രാകേഷ് ക്ൃഷ്ണൻ വാഴയിൽ | 100000 | 200 | 500 | 300 |
| 28 | 11/425 | ഹോട്ടൽ | വിജയൻ.കെ.കെ കൊരുമ്പൂർ | 50000 | 200 | 500 | 300 |
| 29 | 8/189E | ഹോട്ടൽ | സുനിൽ.വി.എം വേരുപ്ളായ്ക്കൽ | 50000 | 200 | 500 | 300 |
| 30 | 12/308A | കാറ്ററിംഗ് | ദിനേശ്.എ മാധവി മന്ദിരം | 100000 | 200 | 500 | 300 |
| 31 | 4/143 | പലചരക്ക് | അനക്സ്.എ.ജോൺ | 25000 | 300 | 500 | 200 |
| 32 | 6/216,217 | ചായക്കട | പി.നന്ദനന് പുത്തൻപുരയ്ക്കൽ | 100000 | 300 | 500 | 200 |
| 33 | 8/193 | പലചരക്ക് | ഷിജി എൽദോസ് കാരിക്കുടി | 35000 | 200 | 500 | 300 |
| 34 | 6/224 | പലചരക്ക് | കെ.വി.പൌലോസ് കക്കാട്ടുകുടി | 40000 | 200 | 500 | 300 |

| | | | | | | | |
|---|---|---|---|---|---|---|---|
| 35 | 10/393 | എം/എസ്.ഔഷധി | എ.എം.എബ്രഹാം ആലിയാട്ടുകുടി | 25000 | 200 | 500 | 300 |
| 36 | 7/160A | പലചരക്ക് | സജിത മാത്യൂസ് കാരിക്കുടി | 40000 | 300 | 500 | 200 |
| ആകെ | | | | | | | 10000/- |

ഇത് സംബന്ധിച്ച് നൽകിയ 24.03.2021 ലെ 5ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയൊന്നും ലഭ്യമാക്കിയില്ല. കുറവ് ഈടാക്കിയ ലൈസൻസ് ഫീ 10000/- രൂപ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

## ഭാഗം -3

### 3-1 ബഡ്സ് സ്കൂൾ പദ്ധതികൾ -8729/-രൂപ നിരാകരിക്കുന്നു.

1.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് ഭക്ഷണം |
| പ്രോജക്ട് നം30/20 | S30/20 |
| അടങ്കൽ | 1,00,000/- ( 248000/-വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 86107/- |
| ബിൽ നമ്പർ/വൌച്ചർ നമ്പർ/<br>തീയതി | 1/19-20 തീയതി 13.06.2019 തുക 3831/-<br>3/19-20 തീയതി 21.06.2019 തുക 6126/-<br>5/19-20 തീയതി 19.08.2019 തുക 6818/-<br>9/19-20 തീയതി 20.09.2019 തുക 7553/-<br>11/19-20 തീയതി 28.10.2019 തുക 6854/-<br>14/19-20 തീയതി 30.11.2019 തുക 4050/-<br>15/19-20 തീയതി 30.11.2019 തുക 2479/-<br>16/19-20 തീയതി 28.11.2019 തുക 11351/-<br>27/19-20 തീയതി 13.02.2020 തുക 6066/-<br>28/19-20 തീയതി 13.02.2020 തുക 12530/-<br>119150100154 തീയതി 12.02.2020 തുക 7720/-<br>119150100175 തീയതി 07.03.2020 തുക 10729/- |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം എന്ന പദ്ധതിയിൽ വിവിധ ചെലവുകൾക്ക് തുക മാറി നൽകിയിട്ടുണ്ട്. പലചരക്ക്, പച്ചക്കറി, അറ്റൻഡൻസ് രജിസ്റ്റർ, ഗ്യാസ് , കറന്റ് ചാർജ് എന്നീ ഇനങ്ങൾക്ക് വന്ന ചെലവിൽ, ചെലവ് രേഖകളുടെ അടിസ്ഥാനത്തിൽ ബിൽ നമ്പർ 14/19-20, 15/19-20 എന്നിവ പ്രകാരം യഥാക്രമം 4050/-രൂപ, 2479/-രൂപ എന്നിങ്ങനെ ആകെ 6529/- രൂപ ബഡ്സ് സ്കൂൾ റിഹാബിലിറ്റേഷൻ സെന്ററിന് കൈമാറിയിട്ടുണ്ട്. എന്നാൽ ഫയലിൽ ചേർത്തിട്ടുള്ള ചെലവ് രേഖകൾ എല്ലാം 28.11.2019 ലെ 16/19-20 ബിൽ പ്രകാരം മുൻപേ തന്നെ മാറിയിട്ടുള്ളവയാണ്. ഇത് സംബന്ധിച്ച് നൽകിയ 25.03.2021 ലെ 6ാം നമ്പർഓഡിറ്റ് എൻക്വയറിക്ക് മറുപടി

ഒന്നും ലഭ്യമാക്കിയില്ല. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ തുക ബഡ്സ് റിഹാബിലിറ്റേഷൻ ജീവനക്കാരിൽ നിന്ന് തിരികെ ഈടാക്കിയിട്ടുണ്ടെന്നും ഈ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതാണെന്നുമാണ് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. തുക അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
2.

ബഡ്സ് സ്കൂളിലേക്ക് വാഹനം വാടകയ്ക്കെടുക്കൽ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S031/20 |
| അടങ്കൽ തുക | 6,00,000/-(തനതുഫണ്ട്) |

ഗ്രാമപഞ്ചായത്തിലെ ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലേക്ക് കുട്ടികളെ കൊണ്ടുവരികയും തിരികെ ആക്കുകയും ചെയ്യുന്നതിന് വാഹനസൌകര്യമേർപ്പെടുത്തുന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. ടെൻഡർ നടപടിക്രമങ്ങളിലൂടെ കുറവുതുക ക്വോട്ട് ചെയ്ത പോൾ പി ചാക്കോ, പടിക്കക്കുടി എന്നയാളുടെ ടെൻഡർ പഞ്ചായത്തുകമ്മിറ്റി അംഗീകരിക്കുകയും ഇദ്ദേഹവുമായി കരാറിലേർപ്പെടുകയും ചെയ്തു.(31.12.2019 വരെ പ്രതിദിനം 2200/- രൂപ, 01.01.2020 മുതൽ 2450/- രൂപ). നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിയുടെ അപേക്ഷയനുസരിച്ച് തനതുഫണ്ടിന്റെ ട്രഷറി അക്കൌണ്ടിൽ നിന്ന് ചെക്ക് മുഖേന എല്ലാ മാസവും ട്രിപ്പ്ഷീറ്റനുസരിച്ചുള്ള വാടകതുക കൈമാറുകയും അസിസ്റ്റന്റ് സെക്രട്ടറി കൈപ്പറ്റുരസീത് നൽകുകയും ചെയ്തിട്ടുണ്ട്. തുക കൈമാറിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | മാസം | വൌച്ചർ നം./തീയതി | തുക | ചെക്ക് നം. | അക്കൌണ്ടിൽ നിന്ന് ഡെബിറ്റ് ചെയ്ത തീയതി |
|---|---|---|---|---|---|
| 1 | 3/19 | 98/02.05.19 | 52800 | 028244 (UBI) | 02.05.19 |
| 2 | 4/19 | 114/10.05.19 | 44000 | 184133(TSB) | 16.05.19 |
| 3 | 5/19 | 238/01.07.19 | 55000 | 2286432(TSB) | 01.07.19 |
| 4 | 6/19 | 287/12.07.19 | 50600 | 2286438(TSB) | 19.07.19 |
| 5 | 7/19 | 367/16.08.19 | 55000 | 2113483(TSB) | 21.08.19 |
| 6 | 8/19 | 480/19.09.19 | 41800 | 2113490(TSB) | 26.09.19 |
| 7 | 9/19 | 616/01.11.19 | 39600 | 283716(TSB) | 06.11.19 |
| 8 | 10/19 | 647/18.11.19 | 46200 | 283718(TSB) | 26.11.19 |
| 9 | 11/19 | 742/19.12.19 | 55000 | 80572(TSB) | 24.12.19 |
| 10 | 12/19 | 835/23.01.20 | 46642 | 80580(TSB) | 29.01.20 |
| 11 | 1/20 | 906/15.02.20 | 58800 | 1448127(TSB) | 19.02.20 |
| 12 | 2/20 | 1033/20.03.20 | 54558 | 2564986(TSB) | 30.03.20 |

6 ലക്ഷം രൂപയും അസിസ്റ്റന്റ് സെക്രട്ടറിക്ക് കൈമാറി നൽകിയിട്ടു ണ്ടെങ്കിലും ചെലവ് പത്രിക പ്രകാരം 332200/-രൂപ മാത്രമാ് പ്രോജക്ടിന്റെ ചെലവായി രേഖപ്പെടുത്തിയിട്ടുള്ളത്. തുക മാറിയതിന്റെ ബില്ലുകൾ പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. മാത്രവുമല്ല ഈ തുക കരാറുകാരൻ കൈപ്പറ്റിയതിന്റെ രേഖകളും ഫയലിൽ ലഭ്യമല്ല. ക്രമ നം. 1 പ്രകാരം 2019 മാർച്ച് മാസത്തെ വാടക യൂണിയൻ ബാങ്ക് ചെക്ക് മുഖേന കൈപ്പറ്റിയതിന്റെ രസീത് തനത് ഫണ്ട് വൌച്ചറിനോടൊപ്പം സൂക്ഷിച്ചിട്ടുണ്ട്.

2019 ജൂലൈ മാസത്തിലെ ട്രിപ്പ്ഷീറ്റുകൾ പരിശോധിച്ചതിൽ ആ മാസം ആകെ 24 ദിവസമാണ് വാഹനം സർവീസ് നടത്തിയിരിക്കുന്നത്. എന്നാൽ 25 ദിവസത്തെ വാടക അനുവദിച്ചിട്ടുണ്ട്. 27.07.2019 ൽ വാഹനമോടിയതിന്റെ ട്രിപ്പ്ഷീറ്റ് ഇല്ലെങ്കിലും വാടക കണക്കാക്കിയപ്പോൾ ആ ദിവസംകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. അധികമായി അനുവദിച്ച 2200/- രൂപ തിരികെ ഈടാക്കേണ്ടതാണ്. കരാറുകാരന് നൽകിയ തുകയിൽ നിന്ന് ഈടാക്കേണ്ട 1% ആദായനികുതിയും ഈടാക്കിയിട്ടില്ല. ഇക്കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് 25.03.2021 ൽ നൽകിയ 6ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. തുടർനടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 വൃദ്ധർക്ക് കട്ടിൽ (എസ് സി)-വിതരണം പൂർത്തിയാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വൃദ്ധർക്ക് കട്ടിൽ (എസ് സി) |
| പ്രോജക്ട് നം30/20 | S32/20 |
| അടങ്കൽ | 390000/- ( എസ് സി പി) |
| ചെലവ് | 242992/- |
| ബിൽ നമ്പർ/വൌച്ചർ നമ്പർ/ തീയതി | 21/19-20 തീയതി 13.06.2019 തുക 242992/- |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ വൃദ്ധർക്ക് കട്ടിൽ (എസ് സി) പദ്ധതിയിൽ 96 ഗുണഭോക്താക്കൾക്ക് കട്ടിലുകൾ വാങ്ങി വിതരണം ചെയ്യാനാണ് വിഭാവനം ചെയ്തിരുന്നത്. 2019-20 ൽ 4050/- രൂപ നിരക്കിൽ 242992/- രൂപ ചെലവഴിച്ച് റിനി എഞ്ചിനിയറിംഗ് വർക്ക്സ്, മുപ്പത്തടം, ആലുവ എന്ന സ്ഥാപനത്തിൽ നിന്ന് ടെൻഡർ നടപടിയിലൂടെ 60 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. വാങ്ങിയ കട്ടിലുകളിൽ 31 എണ്ണം വിതരണം ചെയ്യാതെ ഇപ്പോഴും പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. ഇത് സംബന്ധിച്ച് നൽകിയ 25.03.2021 ലെ 7ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഒന്നും ലഭ്യമാക്കിയില്ല. ആയതിനാൽ വിതരണം ചെയ്യാതെ അവശേഷിക്കുന്ന 31 കട്ടിലുകളുടെ വിലയായ 125550/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 ക്ഷേമപെൻഷൻ വിതരണത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽനിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കുശേഷവും പെൻഷണറുടെ ബാങ്ക് അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണ ഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐഡി | മരിച്ച തിയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| 1 | കുര്യാക്കോസ്.കെ കപ്പടക്കാമടത്തിൽ മുടക്കുഴ | വാർദ്ധക്യ കാലം | 106440200647 | 24.12.2019 | 1/19മുതൽ 3/19വരെ | 4500 |
| 2 | കൌസല്യ ചുള്ളിപ്പറമ്പിൽ ഹൌസ് ഇളമ്പകപ്പിള്ളി | വാർദ്ധക്യ കാലം | 106440200797 | 12.01.20201 | 2/19മുതൽ 3/19വരെ | 3000 |
| 3 | ബാബു.ഇ ഇടപ്പറമ്പിൽ തുരുത്തി | വാർദ്ധക്യ കാലം | 106440200435 | 21.01.2020 | 2/19മുതൽ 3/19വരെ | 3000 |
| | | | | | ആകെ | 10500 |

മേൽ ഗുണഭോക്താക്കൾക്ക് മരണശേഷം അനുവദിച്ച പെൻഷൻ തുക 10500/-ബാങ്കിൽ നിന്നോ അക്കൌണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ

ആയത് വിശദീകരിക്കുവാനാവശ്യപ്പെട്ട് നൽകിയ 29.03.2021ലെ 17ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഒന്നും ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ കൂടുതൽ ആളുകൾക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും മരണപ്പെട്ട ആളുകളുടെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതുമാണ്. മരണശേഷം അനുവദിച്ച പെൻഷൻ തുക 10500/- രൂപ ബാങ്കിൽ നിന്നോ, അക്കൌണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടു വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | നീക്കിയിരുപ്പ് | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | | 800000 | ലൈഫ് ഭവന പദ്ധതി(എസ് സി) | 1071481 | 463235 |
| | 2019-20 | | 474300 | പാൽ സബ്സിഡി | | |
| | 2019-20 | | 260000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 125000 | - | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 125000 | 0 |

ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ പദ്ധതി തിരിച്ചുള്ള ചെലവ് ലഭ്യമാക്കിയില്ല, ബാങ്ക് അക്കൌണ്ട് പ്രകാരം 336765/-, 260000/-, 99584/-, 60000/-(ആകെ 756349/-) എന്നീ ചെലവുകളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 1071481/- ചെലവ് വിവരങ്ങൾ ലഭ്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ 25769/- രൂപ (കോഡ് 320700104, 25353/-രൂപ, കോഡ് 320700204, 416/-രൂപ) , തൻവർഷം തിരികെ അടവാക്കിയിട്ടുള്ളതാണ്.(വൌച്ചർ നം 621900670, 671 തീ 2-12-2019)

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നല്കിയിട്ടില്ല

### 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1364000/- രൂപ വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ബാക്കി യുള്ള തുക |
| ലൈഫ് ഭവന വായ്പ കെയുആർ ഡിഎഫ്സി | സ.ഉ.(കൈ) നം.68 /2018/ ത.സ്വ.ഭ.വ. / 18.05.2018 | 1364000.00 | 2059718 | 485294 | 0 | 2938424 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ഗ്രാമപഞ്ചായത്തിന് വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 49236728 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 50102565 |
| വരവിനങ്ങളിലുള്ള നഷ്ടം | 12640 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 19229 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 125550 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | വരവിനങ്ങളിലെ നഷ്ടം | ചെലവിനങ്ങളിലെ നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 2640 | | ശ്രീമതി.മേഴ്സി കെ ഒ, സെക്രട്ടറി |
| 2-2 | 10000 | | ശ്രീമതി.മേഴ്സി കെ ഒ, സെക്രട്ടറി |
| 3-1 | | 8729 | ശ്രീ എൻ എസ് സുധർലാൽ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-3 | | 10500 | ശ്രീമതി.മേഴ്സി കെ ഒ, സെക്രട്ടറി |
| ആകെ | 12640 | 19229 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 125550 | ശ്രീ എൻ എസ് സുധർലാൽ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 125550 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻറെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.മേഴ്സി കെ ഒ, സെക്രട്ടറി | സെക്രട്ടറി, മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്ത് | കുന്നേൽ, കാഞ്ഞിരമറ്റം പി ഒ, പുതുവാശേരി |
| ശ്രീ എൻ എസ് സുധർലാൽ, അസിസ്റ്റന്റ് സെക്രട്ടറി | വിരമിച്ചു | നികത്തിൽ (വീട്), കുറിച്ചിലക്കോട് പി ഒ, അകനാട് |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-1998 | കെ.എസ്.എ.-ഇ.കെ.എം.(പി2) 880/2015, തീയതി: 28.01.2016 |
| 1998-1999 | |
| 1999-2000 | |
| 2000-2001 | |
| 2001-2002 | |
| 2002-2003 | |
| 2003-2004 | |
| 2004-2005 | എൽ.എഫ്.ഇ.(പി2)-1301/10, തീയതി: 02.11.2011 |
| 2005-2006 | എൽ.എഫ്.ഇ.(പി2)-1302/10, തീയതി: 02.11.2011 |
| 2006-2007 | എൽ.എഫ്.ഇ.(പി2)-1303/10, തീയതി: 02.11.2011 |
| 2007-2008 മുതൽ 2010-2011 വരെ | എൽ.എഫ്.ഇ.(പി2)-1137/12, തീയതി: 12.09.2012 |
| 2011-2012 & 2012-2013 | എൽ.എഫ്.ഇ.(പി2)-1376/14, തീയതി: 17.10.2014 |
| 2013-14 & 2014-15 | കെ.എസ്.എ ഇ.കെ.എം(പി2) 1109/16, തീയതി.08.07.2016 |
| 2015-16 | കെ.എസ്.എ ഇ.കെ.എം(പി2) 2245/16, തീയതി.10.01.2017 |
| 2016-17 | കെ.എസ്.എ ഇ.കെ.എം(പി2) 2026/17, തീയതി.22.11.2017 |
| [illegible] | [illegible] |

| | |
|---|---|
| 2017-18 | കെ.എസ്.എ ഇ.കെ.എം(പി2) 155/19, തീയതി.18.03.2019 |
| 2018-19 | കെ.എസ്.എ ഇ.കെ.എം(പി2) 1193 /2019, തീയതി.06.09.2019 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്